**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3522** **08-10-2025 - ൽ മറുപടിയ്ക്ക്**

**ഭൂമി തരം മാറ്റൽ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ മാത്യു ടി. തോമസ്,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ഭൂമി തരം മാറ്റൽ വേഗത്തിലാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് 27 റവന്യൂ ഡിവിഷണൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിന് ആർ.ഡി.ഓ.യുടെ അധികാരങ്ങൾ വിനിയോഗിക്കാൻ ഡെപ്യൂട്ടി കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് നിയമ ഭേദഗതി വരുത്തുകയും, അതിൻപ്രകാരം സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ 44 ഡെപ്യൂട്ടി കളക്ടർമാരെ നിയോഗിച്ചുകൊണ്ട് 27/06/2024 തീയതിയിലെ സ.ഉ. (അച്ചടി) നം. 140/2024/RD, 28/06/2024 തീയതിയിലെ സ.ഉ. (അച്ചടി) നം. 142/2024/RD എന്നിവ പ്രകാരം ഉത്തരവായി. 01/09/2023 തീയതിയിലെ സ.ഉ. (കൈ) നം. 206/2023/RD പ്രകാരം തരം മാറ്റത്തിനായുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിനായി 2 വർഷത്തേയ്ക്ക് സ്ഥാനക്കയറ്റം വഴിയും പി.എസ്.സി. മുഖേനയും താൽക്കാലിക തസ്തിക സൃഷ്ടിച്ച് സ്ഥിരജീവനക്കാരെ നിയമിച്ചും ഉത്തരവായിട്ടുണ്ട്. കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഭൂമി തരം മാറ്റത്തിനുള്ള അപേക്ഷകൾ ക്രമാതീതമായി വർധിച്ചു വരുന്ന സാഹചര്യങ്ങളിൽ പ്രസ്തുത അപേക്ഷകളുടെ അതിവേഗ തീർപ്പാക്കലിനായി നടപടി സ്വീകരിച്ചു വരുന്നതാണ്. കൂടാതെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം 27(എ) പ്രകാരം 25 സെന്റിന് താഴെ വിസ്തീർണ്ണമുള്ള ഭൂമിയുടെ സൗജന്യ തരം മാറ്റത്തിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിനായി 2025 ഒക്ടോബർ 3 മുതൽ നവംബർ 15 വരെ എല്ലാ ജില്ലകളിലും അദാലത്ത് സംഘടിപ്പിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സൗജന്യ തരംമാറ്റത്തിന് അർഹതയുള്ള |

| | | | |
|---|---|---|---|
| | | | ഫോം 6 അപേക്ഷകളിലെ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി വില്ലേജ് ഓഫീസർമാർ സമർപ്പിക്കേണ്ട അന്വേഷണ റിപ്പോർട്ടിന്റെ മാതൃക ലഘൂകരിച്ച് ഉത്തരവായിട്ടുണ്ട്. |
| (ബി) | തണ്ണീർത്തട നിയമം പ്രാബല്യത്തിൽ വരുന്നതിനു മുൻപ് നികത്തപ്പെട്ട ഭൂമി വേഗത്തിൽ തരം മാറ്റി ലഭിക്കുവാൻ എന്തൊക്കെ പുതിയ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (ബി) | കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഭൂമി തരംമാറ്റവുമായി ബന്ധപ്പെട്ട് 27 റവന്യൂ ഡിവിഷണൽ ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുള്ള അധികാരങ്ങൾ വിനിയോഗിക്കുന്നതിന് ആർ.ഡി.ഓ.യുടെ അധികാരങ്ങൾ വിനിയോഗിക്കാൻ ഡെപ്യൂട്ടി കളക്ടർമാരെ ചുമതലപ്പെടുത്തിക്കൊണ്ട് നിയമ ഭേദഗതി വരുത്തുകയും, അതിൻപ്രകാരം സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ 44 ഡെപ്യൂട്ടി കളക്ടർമാരെ നിയോഗിച്ചുകൊണ്ട് 27/06/2024 തീയതിയിലെ സ.ഉ. (അച്ചടി) നം. 140/2024/RD, 28/06/2024 തീയതിയിലെ സ.ഉ. (അച്ചടി) നം. 142/2024/RD എന്നിവ പ്രകാരം ഉത്തരവായി. 01/09/2023 തീയതിയിലെ സ.ഉ. (കൈ) നം. 206/2023/RD പ്രകാരം തരം മാറ്റത്തിനായുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിനായി 2 വർഷത്തേയ്ക്ക് സ്ഥാനക്കയറ്റം വഴിയും പി.എസ്.സി. മുഖേനയും താൽക്കാലിക തസ്തിക സൃഷ്ടിച്ച് സ്ഥിരജീവനക്കാരെ നിയമിച്ചും ഉത്തരവായിട്ടുണ്ട്. കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമപ്രകാരമുള്ള ഭൂമി തരം മാറ്റത്തിനുള്ള അപേക്ഷകൾ ക്രമാതീതമായി വർധിച്ചു വരുന്ന സാഹചര്യങ്ങളിൽ പ്രസ്തുത അപേക്ഷകളുടെ അതിവേഗ തീർപ്പാക്കലിനായി നടപടി സ്വീകരിച്ചു വരുന്നതാണ്. കൂടാതെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം 27(എ) പ്രകാരം 25 സെന്റിന് താഴെ വിസ്തീർണ്ണമുള്ള ഭൂമിയുടെ സൗജന്യ തരം മാറ്റത്തിനുള്ള അപേക്ഷകൾ തീർപ്പാക്കുന്നതിനായി 2025 ഒക്ടോബർ 3 മുതൽ നവംബർ 15 വരെ എല്ലാ ജില്ലകളിലും അദാലത്ത് സംഘടിപ്പിക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സൗജന്യ തരംമാറ്റത്തിന് അർഹതയുള്ള ഫോം 6 അപേക്ഷകളിലെ നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി വില്ലേജ് ഓഫീസർമാർ സമർപ്പിക്കേണ്ട അന്വേഷണ റിപ്പോർട്ടിന്റെ മാതൃക ലഘൂകരിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ